Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. Managing Editor: B. Wellington B. A.

പുസ്തകം 12 | ലക്കം 5 | 1965 ജനുവരി 6 ബുധൻ, തൃശൂർ | വില 7 നയാപൈസ | പേജ് 4

തിരുവന്തപുരം തെറ്റി; 2 പേക്ക്° പരുക്ക്°

മദിരാശി ജനു. 5

ഗ്രണ്ടർനിന്നും ദ്രോണാചലത്തേക്ക് പോയിരുന്ന ഒരു പാസ്സഞ്ചർ ട്രെയിനിന്റെ 18-ൽ 7-ബോഗികളും പാളം തെറ്റുകയുണ്ടായി. ഇതുമൂലം 2-പേക്ക° നിസ്സാരമായ പരുക്ക°പറ്റി.

(പി ടി ഐ)

'തൊഴിലാളി' വരിസംഖ്യ നിരക്ക്°

	പോസ്റ്റ°വഴി	വരിസംഖ്യ പോസ്റ്റ°വഴി
ഒരു കൊല്ലത്തേയ്ക്ക°	27.00	6.00
6മാസത്തേയ്ക്ക°	12.50	3.00
3മാസത്തേയ്ക്ക°	6.75	1.50
ഏജന്റന്മാർവഴി ഒരു മാസത്തേയ്ക്ക° വരിസംഖ്യ പിരിക്കുന്നതിനുള്ള കമ്മീഷൻ		2.10
മാപ്പുകൂലി	50 P	00.10

ജനറേജർ

സെനറ്റിന്റേയും ജനപ്രതിനിധി സഭയുടേയും സംയുക്തസമ്മേളനത്തിൽവെച്ച് പ്രസിഡണ്ട് ജോൺസൺ രാഷ്ട്രത്തിനുനല്കിയ സന്ദേശം

അമേരിക്കയും റഷ്യയും കൂടുതലടുക്കണം

(പി ടി ഐ)

വാഷിംഗ്ടൺ, ജനു 5

അമേരിക്ക സന്ദർശിക്കുവാൻ സോവിയറ്റ° നേതാക്കളെ പ്രസിഡണ്ട് ജോൺസൺ ഇന്നലെ രാത്രി ഔപചാരികമായി ക്ഷണിച്ചു

ജനപ്രതിനിധി സഭയുടെയും, സെനറ്റിന്റേയും ഒരു സംയുക്തസമ്മേളനത്തിൽ ദേശവ്യാപകമായ ടെലിവിഷനിൽകൂടി അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

ആ സന്ദർശനത്തിന്റെ ഫലമായി അടുത്ത മാസങ്ങളിൽ താൻ യൂറോപ്പ് മേരിക്കയെ അവക്ക° നേരിട്ട മനസ്സിലാക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം ആശിച്ചു. അദ്ദേഹം ഇന്നത്തെ മാത്രമല്ല സോവിയറ്റ° നേതാക്കളെ അമേരിക്കൻ ഭരണവിഭാഗത്തിന്റെ പ്രത്യേക്ഷപ്പെടുന്നതും, അതുപോലെ തന്നെ അമേരിക്കൻ നേതാക്കൾ സോവിയറ്റ° യൂണിയനും ഇതര രാഷ്ട്രങ്ങളുമായും, സോവിയറ്റ° യൂണിയനുമായും സമാധാനപരമായ വാണിജ്യ ബന്ധങ്ങളെ വികസിപ്പിക്കേണ്ടതിനെപ്പറ്റി അമേരിക്ക പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ഏഷ്യയിൽ കമ്മ്യൂണിസം കൂടുതൽ ആക്രമണപരമായ നിലപാടാണ് എടുത്തിട്ടുള്ളത്. വിയറ്റ°നാമിൽ കമ്മ്യൂണിസ്റ്റ°വിയറ്റ° കോങ്ങിനെതിരായി നടക്കുന്ന യുദ്ധത്തെ പരാമർശിച്ചുകൊണ്ട് അമേരിക്കൻസുരക്ഷിതത്വം ഏഷ്യൻ സമാധാനത്തിലാണ് നിലകൊള്ളുന്നതെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ ഈ തലമുറയിൽത്തന്നെ വിട്ടു പോരുന്നുവെന്നുള്ള രണ്ടു വട്ടം ആക്രമണത്തിനെതിരായി പടവെട്ടേണ്ടി വന്നിട്ടുണ്ട്. ആക്രമണത്തെ അവഗണിക്കുന്നത് കൊണ്ട് ഒരു വലിയ യുദ്ധത്തിന്റെ അപകടം വരുത്തിക്കയാണ്.



അദ്ദേഹം തുടർന്ന:-

തെക്കുകിഴക്കൻ ഏഷ്യയിൽ നമ്മുടെ ലക്ഷ്യം സമാധാനമാണ്. അതുസമാധാനമാകണമെങ്കിൽ ആക്രമകാരികളെ അവരുടെ അയൽക്കാരെ സമാധാനത്തിൽ വർത്തിക്കുവാൻ അനുവദിക്കണം. ഇവിടെ അപകടത്തിൽപ്പെട്ടിട്ടുള്ളത് സ്വാതന്ത്ര്യമാണ്. അതിനെ സംരക്ഷിക്കുന്ന കാര്യത്തിൽ അമേരിക്ക പൂർണ്ണമായും ഉറച്ചുനിൽക്കുന്നതാണ്.

അമേരിക്കയുടെ ഉറച്ച തീരുമാനത്തിന്റെ ഫലമായി ഇന്ന് വിയറ്റ°നാമിൽ കമ്മ്യൂണിസ്റ്റ°വിയറ്റ° കോങ്ങിന് തങ്ങളുടെ ലക്ഷ്യം നേടുവാൻ കഴിയുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

ലാവോസിനെ സംബന്ധിച്ചു

ലാവോസിനെ സംബന്ധിച്ചു യാതൊരു അന്താരാഷ്ട്രീയ സമ്മേളനത്തിനും അമേരിക്ക ഒരുക്കമില്ലെന്നു സ്റ്റേയിറ്റ° ഡിപ്പാർട്ടുമെന്റ° പ്രഖ്യാപിച്ചിരിക്കുന്നു. കാരണം 1962ലെ ജനീവാ കരാറുകളെ കമ്മ്യൂണിസ്റ്റ° ശക്തികൾ ലംഘിച്ചിട്ടില്ല. ഒരന്താരാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടണമെന്നും, അമേരിക്ക ആക്രമിക്കുകയാണെങ്കിൽ സഹായിക്കണമെന്നും കാണിച്ചുകൊണ്ട് സോവിയറ്റ° വിദേശകാര്യമന്ത്രി വടക്കൻ വിയറ്റ°നാം വിദേശകാര്യ മന്ത്രിക്ക് എഴുതിയ കത്തിനെ പരാമർശിച്ചുകൊണ്ട് സ്റ്റെയിറ്റ° ഡിപ്പാർട്ടുമെന്റ° വക്താവ് സംസാരിക്കുകയായിരുന്നു.

ഇതു സോവിയറ്റ° കത്തിൽ പുതുതായി ഒന്നുമില്ലെന്നു വക്താവു പറഞ്ഞു. വടക്കൻ വിയറ്റ°നാം ഗവണ്മെണ്ടു പാതാറ്റ°ലാവോ സേനകളെ സഹായിക്കുന്നതായാണ് ലാവോസിലെ കുഴപ്പത്തിനു കാരണമെന്നുള്ള ലാവോഷ്യൻ ഗവണ്മെണ്ടു പലപ്പോഴും പറഞ്ഞിട്ടുള്ളതാണെന്നു വക്താവു് ചൂണ്ടിക്കാട്ടി.

മാവോൻ അമേരിക്ക

മാവോൻ അമേരിക്കയുമായി അമേരിക്കക്ക് പ്രത്യേക താല്പര്യങ്ങളുടേയും, സ്നേഹത്തിന്റേയും കെട്ടുപാടുകളുണ്ട് എന്നൊരു ഭരണത്തിന്റെ ലക്ഷ്യങ്ങളിൽ മുന്ന് ഇത ബന്ധങ്ങളെ ശക്തിപ്പെടുത്തുകയെന്നതാണ്. അടുത്ത കൊല്ലത്തിൽ മാവോൻ അമേരിക്ക സന്ദർശിക്കുവാനും ഞാൻ കരുതുന്നുണ്ട്. മാവോൻ അമേരിക്കൻ ഭ്രമണത്തിൽ മാദിര്യത്തിനും, അവസരിക്കും എതിരായി നടക്കുന്ന സമരത്തെ ശക്തിപ്പെടുത്തുന്നതിനു് അമേരിക്കയുടെ ബാധ്യതകളെ വിപുലീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അത്ലാന്തിക്ക് സഖ്യം

ശക്തിയിലും, ഐക്യത്തിലും, അമേരിക്കയുമായുള്ള സഹകരണത്തിലും വിശ്വാസമുള്ള അത്ലാന്തിക് സഖ്യത്തിന്റെ കെട്ടുറപ്പിനെപ്പറ്റിയും അദ്ദേഹം പരാമർശിച്ചു.

ആഫ്രോ-ഏഷ്യൻ

ആഫ്രോ-ഏഷ്യൻ പുതിയ രാഷ്ട്രങ്ങളിൽ, വൻകരകളിൽ മുന്നോട്ടിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തണമെന്നും അഭിലഷിക്കുന്നവരെ സഹായിക്കുവാൻ അമേരിക്ക ബാധ്യസ്ഥരാണ്. അതുകൊണ്ട് അമേരിക്കൻ ശക്തിയെ വിപുലീകരിക്കുവാനുള്ള നാം ആഗ്രഹിക്കുന്നു; പിന്നേയും മനുഷ്യസമുദായത്തിന്റെ പുരോഗതിയെയാണ്. ലോകജനസംഖ്യവർദ്ധനവും, ലോകവിഭവങ്ങളുടെ വൈരുദ്ധ്യവും നേരിടുന്നതിന് അമേരിക്കൻ വിജ്ഞാനത്തെ ഉപയോഗിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും അമേരിക്ക ശ്രമിക്കുമെന്ന്.

ഐക്യരാഷ്ട്രങ്ങൾ

ഐക്യരാഷ്ട്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും, അതിനെ കാര്യക്ഷമമാക്കുന്നതിനും അമേരിക്ക പ്രതിജ്ഞാബദ്ധമാണ്. അതിനെ ഞാൻ മനക്കട്ടി പുലർത്തുന്നു. ഐക്യരാഷ്ട്രങ്ങൾക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ നാം ജീവിക്കുന്ന ഈ ലോകത്തിന്റെ ബുദ്ധിമുട്ടുകളാണ്. അല്ലാതെ ആ സംഘടനയുടെ കഴിവുകേടല്ല.

'മഹത്തായ അമേരിക്കൻ സമൂഹ'ത്തിനു് വേണ്ടി താൻ പ്രവർത്തിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു അതു തന്റെ തെരഞ്ഞെടുപ്പ് പരിപാടിയുടെ പ്രധാനലക്ഷ്യമാണ്.

അഖിലേന്ത്യാ ഫിസിക്കൽ എഡ്യൂക്കേഷൻ സമ്മേളനം

(പി ടി ഐ) ബാംഗ്ലൂർ ജനു. 5

മൂന്നു ദിവസമായി ഇവിടെ നടന്നുവന്നിരുന്ന, ഫിസിക്കൽ എഡ്യൂക്കേഷൻ സംബന്ധിച്ച അഖിലേന്ത്യാ കോളേജ് അസോസിയേഷൻ സമ്മേളനം ഇന്നവസാനിച്ചിരിക്കുന്നു. അടുത്ത വിദ്യാഭ്യാസവർഷം മുതൽ ഫിസിക്കൽ എഡ്യൂക്കേഷൻ രംഗത്തു് വന്നേക്കാവുന്ന ചില മാറ്റങ്ങൾസംബന്ധമായി ഡോക്ടർ ഭട്നാഗർ വിശദീകരിച്ചിട്ടുണ്ടു്.

മലയേഷ്യയുടെ രക്ഷാസമിതി അംഗത്വം ഇന്തോനേഷ്യയുടെ പിൻവാങ്ങലിനു് കാരണം

[എ എഫ് പി]

ഐക്യരാഷ്ട്രങ്ങൾ ജനു. 5

ഐക്യരാഷ്ട്രരക്ഷാസമിതിയിലുള്ള മലയേഷ്യയുടെ ഒരു വർഷത്തെ അംഗത്വം അവസാനിക്കുന്നതോടെ ഇന്തോനേഷ്യ ഐക്യരാഷ്ട്രങ്ങളിലേക്ക് തിരിച്ചുപോകുമെന്ന ഇന്തോനേഷ്യൻ പ്രതിനിധിസംഘത്തിന്റെ ഒരു വക്താവ് സൂചിപ്പിച്ചിരിക്കുന്നു.

രക്ഷാസമിതിയിലേക്ക് മലയേഷ്യയെ തെരഞ്ഞെടുക്കപ്പെട്ടതുതന്നെ ഇന്തോനേഷ്യയുടെ പിൻവാങ്ങലിനുള്ള മുഖ്യകാരണമെന്നു വക്താവു് ചൂണ്ടിക്കാട്ടി. ഐക്യരാഷ്ട്രങ്ങൾക്കെതിരായി മലായാ രാജ്യസംഘടന കെട്ടിപ്പടുക്കുകയെന്ന ഉദ്ദേശം ഇന്തോനേഷ്യക്കില്ല. ഐക്യരാഷ്ട്രങ്ങളിൽനിന്നു് മാത്രമേ ഇന്തോനേഷ്യ വിട്ടുനിൽക്കുന്നുള്ളു. അതിനർത്ഥം പ്രത്യേക ഏജൻസികളിൽനിന്നു് പിൻവാങ്ങുമെന്നു് ഇന്തോനേഷ്യ പറഞ്ഞിട്ടില്ല.

കറാച്ചിയിൽകർഫ്യൂ

കൊള്ളയും, കൊള്ളിവെപ്പും, കൊലപാതകവും കൊടികയറി

(പി ടി ഐ) കറാച്ചി, ജനുവരി 5

ഇന്നലെ ഇവിടെ പുതുതായി രൂപംകൊണ്ടിട്ടുള്ള അക്രമങ്ങൾമൂലം പുരുഷന്മാരായ അഞ്ചുപേർ കൊല്ലപ്പെട്ടു.

12 പേക്ക° ഗുരുതരമായ പരിക്ക°പറ്റിയിട്ടുണ്ട്. രണ്ടുപേക്ക° വെടിയേറ്റിരിക്കുകയാണ്. കറാച്ചിയുടെ മുന്ന് പ്രാന്തങ്ങളിൽ അധികൃതർ 15 മണിക്കൂർ കർഫ്യൂ പുറത്തിയിട്ടുണ്ട്. ഇവയെല്ലാം സംയുക്തപ്രതിപക്ഷത്തിന്റെ ശക്തികേന്ദ്രങ്ങളാണ്. എതിർരാഷ്ട്രീയ ഗ്രൂപ്പുകാം തമ്മിൽ ഇവിടെ സംഘട്ടനം നടന്നുകൊണ്ടിരുന്നു.

മീക്കായത്ത്ഖാദിൽനിന്നു് ആരംഭിച്ച കുഴപ്പം നസീമാബാദിലേക്കും, ലാസ്ബെലയിലേക്കും പടർന്നു. മതന്മാദികാം ബസ്സുകളിൽനിന്നു് യാത്രക്കാരെ പിടിച്ചിറക്കി തല്ലി. ഒരു കുഴപ്പത്തിൽ ഒരു ബസ്സിന്നു് തീവെച്ചു ഏഴു മോട്ടോർവാഹനകാം തല്ലിപ്പൊളിച്ചു. ലിക്കായത്തുഖാദിലെ ഇരുപതോളം കടകാം കൊള്ളയടിക്കപ്പെട്ടു. അഭയാർത്ഥികാംവസിക്കുന്ന ഏതാനും കുടിലുകാംക്കും തീവെക്കപ്പെടുകയുണ്ടായി. അവിടെയുണ്ടായിരുന്നവർക്ക് എന്തുപറ്റിയെന്നറിഞ്ഞുകൂടാ. ചില അപായങ്ങാം സംഭവിച്ചിട്ടുണ്ടാകുമെന്നു് ഭയപ്പെടുന്നു.

പ്രതിപക്ഷത്തിന്റെ പ്രസ്താവന

(പി ടി ഐ) ഡാക്ക, ജനു 5

ജനാധിപത്യവും, ജനങ്ങളുടെപരമാധികാരവും സ്ഥാപിക്കുന്നതിനുള്ള സമരം സമാധാനപരമായി മുന്നോട്ടുകൊണ്ടുപോകുമെന്നു് സംയുക്തപ്രതിപക്ഷം പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു.

അയൂബ്ഖാന്റെ വിജയത്തെക്കുറിച്ചു് അദ്ദേഹത്തിന്റെ അനുയായികാം അതുമങ്ങാം അഴിച്ചുവിട്ടിട്ടുള്ളതിനെ പ്രതിപക്ഷം അപലപിച്ചു.

കൽക്കത്തയിൽ സ്റ്റാന്റേർഡ് ടൈം നടപ്പായി

(പി ടി ഐ) കൽക്കട്ട, ജനു. 5

കൽക്കത്താ നഗരത്തിലും അതിനോടനുബന്ധിച്ചുള്ള വ്യാവസായിക മേഖലയിലും ഇന്നു മുതൽ സ്റ്റാന്റേർഡ് ടൈം നടപ്പിൽ വന്നിരിക്കുന്നു. 60 ലക്ഷം ജനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

ഇതനുസരിച്ച് പ്രായപൂർത്തിവന്ന ആറാൾക്ക് ആഴ്ചയിൽ 1.20കി.ഗ്രാം അരിയും 1.20 കി. ഗോതമ്പും, 300ഗ്രാം പഞ്ചസാരയും, ഒരു കുട്ടിക്ക് ഇവയുടെ പകുതിയും കിട്ടുന്നതാണ്.

ഇംഗ്ലീഷ് തുടരാൻ നടപടി

(പി. ടി. ഐ) ന്യൂഡൽഹി, ജനു. 4

കേരള നിയമനിർമ്മാണപ്രവർത്തനങ്ങൾക്കായി ഇംഗ്ലീഷ് തുടരുന്നതിനുള്ള വ്യവസ്ഥചെയ്യുന്ന നടപടികളെടുക്കുവാൻ ഉന്നതതലത്തിൽ കേന്ദ്രഗവർമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

കേരളരാഷ്ട്രപതി ഭരണത്തിലായിരിക്കുന്നതിനാൽ ഇതു് സംബന്ധിച്ച ഒരു തീരുമാനവും പ്രസിഡണ്ടു് പുറപ്പെടുവിക്കുന്നതായിരിക്കും

'ശാരദ' മടങ്ങി

(പി. ടി. ഐ) മണ്ഡപം, ജനു. 5

രാമേശ്വരത്തു് രക്ഷാപ്രവർത്തനങ്ങാം നടത്തിക്കൊണ്ടിരുന്ന ഇന്ത്യൻ നാവികസേനയിലെ ശാരദ എന്ന കപ്പൽ മദ്രാസിലേക്ക് മടങ്ങിയിരിക്കുന്നു. അവിടെ ഒരു രക്ഷാപ്രവർത്തനങ്ങാം അവസാനിച്ചു.

ദേശീയസമ്പാദ്യ പദ്ധതി

തൃശൂർ ജനു. 5

ദേശീയസമ്പാദ്യപദ്ധതിയിൽ തൃശൂർ ജില്ലയിൽ കഴിഞ്ഞ ഡിസംബർ മാസത്തിൽ 6,59,094 രൂപാ നിക്ഷേപിക്കപ്പെട്ടുകയുണ്ടായി. ഇതിൽ 66000 രൂപാ സഞ്ചിതനിക്ഷേപ അക്കൗണ്ടുകളിലും 32000 രൂപാ പ്രീമിയം ഒപ്പൊസ്°ബോണ്ടു് ഇനത്തിലുമാണ് നിക്ഷേപിക്കപ്പെട്ടത്. വർഷാവസാനത്തിൽ ഈ ജില്ലയിൽ ദേശീയസമ്പാദ്യപദ്ധതിയിൽ 953348 രൂപയാണ് നീക്കിയിരുപ്പുള്ളത്.

ഐക്യരാഷ്ട്രസംഘടനയുടെ ധനസഹായത്തോടെ ഇന്തോനേഷ്യൻ തീരമാനം പുനഃശോധന ചെയ്യണം

(പി ടി ഐ) ഐക്യരാഷ്ട്രങ്ങൾ, ജനു 5

ഐക്യരാഷ്ട്രങ്ങളിൽനിന്നു പിൻവലിക്കുവാനുള്ള ഇന്തോനേഷ്യായുടെ തീരുമാനത്തെ പുനഃശോധനചെയ്യുവാൻ ഐക്യരാഷ്ട്രസംഘടനാ (യുഎൻ) അഭ്യർത്ഥിച്ചിരിക്കുന്നു. ആഫ്രോ-ഏഷ്യൻ ഐക്യത്തിന്റെയും, സമാധാനത്തിന്റേയും അന്താരാഷ്ട്രീയസഹകരണവശം ഓർമ്മിക്കുന്നതിനേയും പോലിലാണ് ഈ അഭ്യർത്ഥന പ്രസിഡണ്ട് ചെയ്യുന്നത്.

പുതിയ വിയറ്റ°നാമിന്റെ സ്വഭാവം

(എ എഫ് പി) ഹാനോയി, ജനു 5

വടക്കൻവിയറ്റ°നാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ 'നാംദാൻ' ഐക്യരാഷ്ട്രങ്ങളിൽനിന്നു് പിൻവലിക്കുവാനുള്ള ഇന്തോനേഷ്യൻ തീരുമാനത്തെ അഭിനന്ദിച്ചിരിക്കുന്നു. ഇന്തോനേഷ്യയുടെ താല്പര്യങ്ങാംക്ക് മാത്രമല്ല, തെക്കു-കിഴക്കേഷ്യയിലെ സമാധാനത്തിന്റെ താല്പര്യങ്ങാംക്കും ഈ നടപടി നന്നായെന്ന് പത്രം പറയുന്നു.

ടി.എസ്°.എലിയട്ട്° നിര്യാതനായി

[റോയിട്ടർ] ലണ്ടൻ, ജനു. 4

വിശ്വപ്രസിദ്ധ ആംഗ്ലകവിയും നാടകകൃത്തുമായിരുന്ന ടി. എസ്°. എലിയട്ട്° ഇവിടെവെച്ച് നിര്യാതനായിരിക്കുന്നു. മരിക്കുമ്പോാം അദ്ദേഹത്തിനു് 76 വയസ്സ് പ്രായമുണ്ടായിരുന്നു. ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രശസ്തനും പ്രതിഭാശാലിയുമായ കവികളിലൊരാളായിരുന്ന എലിയട്ട്°. നാടകരംഗത്തും നൂതനങ്ങളായ പല സങ്കേതങ്ങളും അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്. സമകാലിക രാഷ്ട്രീയ പശ്ചാത്തലത്തിൽ എലിയട്ട്° നിരവധി കൃതികാം രചിച്ചിട്ടുണ്ട്. 1948ൽ എലിയട്ടിനു് സാഹിത്യത്തിനുള്ള നോബൽസമ്മാനം ലഭിക്കുകയുണ്ടായി.

കോൺഗ്രസ്സിന്റെ അംഗസംഖ്യ

(പി ടി ഐ) തൃശൂർ, ജനു. 5

1965 മദ്ധ്യത്തിൽ കോൺഗ്രസ്സിന്റെ സംഘടനാപരമായ തെരഞ്ഞെടുപ്പുകാം നടക്കുന്നതോടുകൂടി കോൺഗ്രസ്സിന്റെ അംഗസംഖ്യ വർദ്ധിക്കുമെന്ന പാർട്ടി പ്രതീക്ഷിക്കുന്നുണ്ട്. 1963ന്റെ അവസാനത്തിൽ കോൺഗ്രസ്സിന്റെ പ്രാഥമിക അംഗസംഖ്യ 26½ ലക്ഷമായിരുന്നു. 66,730 സജീവഅംഗങ്ങളും ഉണ്ടായിരുന്നുവെന്നും പറയുന്നു.

അമേരിക്ക അനുകൂലമല്ല

ലാവോസിനെ സംബന്ധിക്കുന്ന അന്താരാഷ്ട്രീയ സമ്മേളനത്തിനു്

(എ. എഫ്. പി.)

വാഷിംഗ്ടൺ, ജനു. 5

ലാവോസിനെ സംബന്ധിച്ചു് യാതൊരു അന്താരാഷ്ട്രീയ സമ്മേളനത്തിനും അമേരിക്ക ഒരുക്കമില്ലെന്നു സ്റ്റെയിറ്റ° ഡിപ്പാർട്ടുമെന്റ° പ്രഖ്യാപിച്ചിരിക്കുന്നു. കാരണം 1962ലെ ജനീവാ കരാറുകളെ കമ്മ്യൂണിസ്റ്റ° ശക്തികൾ ലംഘിച്ചിട്ടില്ല. ഒരന്താരാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടണമെന്നും, അമേരിക്ക ആക്രമിക്കുകയാണെങ്കിൽ സഹായിക്കണമെന്നും കാണിച്ചുകൊണ്ട് സോവിയറ്റ° വിദേശകാര്യമന്ത്രി വടക്കൻ വിയറ്റ°നാം വിദേശകാര്യ മന്ത്രിക്ക് എഴുതിയ കത്തിനെ പരാമർശിച്ചുകൊണ്ട് സ്റ്റെയിറ്റ° ഡിപ്പാർട്ടുമെന്റ° വക്താവ് സംസാരിക്കുകയായിരുന്നു.

ഇതു സോവിയറ്റ° കത്തിൽ പുതുതായി ഒന്നുമില്ലെന്നു വക്താവു പറഞ്ഞു. വടക്കൻ വിയറ്റ°നാം ഗവണ്മെണ്ടു പാതാറ്റ°ലാവോ സേനകളെ സഹായിക്കുന്നതായാണ് ലാവോസിലെ കുഴപ്പത്തിനു് കാരണമെന്നുള്ള ലാവോഷ്യൻ ഗവണ്മെണ്ടു പലപ്പോഴും പറഞ്ഞിട്ടുള്ളതാണെന്നു വക്താവു് ചൂണ്ടിക്കാട്ടി.

നൈജീരിയൻ കുഴപ്പം കഴിഞ്ഞു

[റോയിട്ടർ] ലാഗോസ്° ജനു: 5

വിപുലാടിസ്ഥാനത്തിലുള്ള ഒരു പുതിയ ഗവണ്മെന്റ° രൂപീകരിക്കാമെന്നു് പ്രധാനമന്ത്രി അബുബക്കർ ടാവാ രാഷ്ട്രത്തിനു് ഉറപ്പുകൊടുത്തതോടെ നൈജീരിയയിലെ ഭരണഘടനാകുഴപ്പം അവസാനിച്ചിരിക്കുന്നു. അത്തരത്തിലുള്ള ഒരു ഗവർമ്മെണ്ടു് എല്ലാ ജനവിഭാഗങ്ങളുടെയും താല്പര്യങ്ങളെ പ്രതിനിധീകരിക്കുമെന്നു് അദ്ദേഹം പറഞ്ഞു.

—0—

നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി

കൊടിവെപ്പു പരിശീലനം 3 പേരുടെ മരണത്തിൽ കലാശിച്ചു

(പി ടി ഐ) ന്യൂഡൽഹി, ജ. 5

ഒരിന്ത്യൻ യുദ്ധവിമാനം തെടിവെച്ചുള്ള പരിശീലനം നടത്തുന്നതിനിടയ്ക്കുണ്ടായ ദുരന്തത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങാംക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പാർലമെന്റിൽ പ്രതിരോധവകുപ്പുമന്ത്രി ശ്രീ വൈ. ബി. ചവാൻ അറിയിച്ചു.

ഇന്ത്യൻ സയിൻസ് കോൺഗ്രസ്സിന്റെ പുതിയ ഭാരവാഹികാം

കൽക്കത്ത ജനു: 5

1966-67 ലേക്ക° ഇന്ത്യൻ സയിൻസ് കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി ഡൽഹി സർവ്വകലാശാലയിലെ പ്രൊ. ടി. ആർ. ശേഷാദ്രിയെ തെരഞ്ഞെടുത്തിരിക്കുന്നു. ജനറൽ സിക്രട്ടറിയായി രക്കി സർവ്വകലാശാലയിലെ പ്രൊ. സി എസ്° ഷോഷ്°, ജനറൽജിയായി പ്രൊ. (മിസ്സിസ്°) അസ്°മാപാറ്റർജിയേയും തെരഞ്ഞെടുത്തു. അടുത്ത കൊല്ലത്തെ സമ്മേളനത്തിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുത്തിട്ടുള്ളതു് പ്രൊ. ബി. എൻ. പ്രസാദ് (പത്മഭൂഷൻ) എം. പി യെയാണ്.

സയിൻസ് കോൺഗ്രസ്സിന്റെ 52ാം സമ്മേളനത്തിൽ ജൂഡ്യക്ഷംവഹിച്ച കേന്ദ്ര മന്ത്രി പ്രൊ. കബീറാണ് ഈ തെരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചതു്.

(പി ടി ഐ)

കേരള ഗവണ്മെന്റിന്റെ സംഭാവന

[പി ടി ഐ] തിരു. ജനു. 5

രാമേശ്വരം, ധനുഷ്കോടി അത്യാഹിതത്തിൽപെട്ട് കഷ്ടപ്പെട്ടവർക്ക് ഉടൻ താശ്വാസത്തിനായി കേരള ഗവണ്മെണ്ടു് 5000 രൂപാ സംഭാവന ചെയ്തിരിക്കുന്നു. സംഖ്യ മദ്രാസ് ഗവർണ്ണർക്ക് അയച്ചുകൊടുത്തു.

തിരഞ്ഞെടുപ്പ് മാർച്ച് ഒന്നിനു് നടത്തുന്നു

(പി. ടി. ഐ.) ന്യൂഡൽഹി ജനു. 5

മുൻകൂട്ടി നിശ്ചയിച്ചിരുന്നതുപോലെ ഫെബ്രുവരി 15-ാംതിയ്യതിക്കുപകരം കേരള പൊതുതിരഞ്ഞെടുപ്പ് മാർച്ച് ഒന്നാംതിയ്യതി നടക്കുന്നതാണെന്നറിയുന്നു.

സംസ്ഥാനഗവർണ്ണരിന്റെ വ്യക്തമായ ഭരണനിർവ്വഹണബുദ്ധിമുട്ടുണ്ടെന്നതിനെത്തുടർന്നാണ് തിരഞ്ഞെടുപ്പ് നീട്ടിവെക്കുന്നതിനു് പ്രേരിപ്പിക്കപ്പെട്ടതെന്നു് മനസ്സിലാക്കുന്നു.

പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന അസംബ്ലിഭരണഘടനാ വകുപ്പുകളനുസരിച്ച് മാർച്ച് ഇരുപത്തിമൂന്നാംതിയതിസമ്മേളിക്കുമെന്ന മുൻതീരുമാനത്തിനു് തിരഞ്ഞെടുപ്പിൽ നേരിടുന്ന ഈ രണ്ടാഴ്ചത്തെ താമസം ബാധകമാവുകയില്ല എന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

—0—

കെനിയയിൽ കുഴപ്പം

[എ എഫ് പി] നയ്റോബി, ജനു. 5

കെനിയൻ ഗവണ്മെണ്ടിനെതിരായി ഒരു കലാപം പൊട്ടിപ്പുറപ്പെട്ടതായി റിപ്പോർട്ടുണ്ട്. കലാപകാരികൾ ഒരു പോലീസ് സ്റ്റേഷൻ കൈയ്യേറുകയും ചെയ്തു.

THE SOUTH INDIAN BANK LIMITED

Regd. Office : TRICHUR

(A Scheduled Bank)

ANNOUNCE

Opening of Two more branches shortly at:

ERODE and TIRUCHIRAPPALLY

All kinds of Banking Business transacted. Always at your Service

JOSEPH CHACKOLA
Chairman, Board of Directors

M. P. C. NAMBIAR
General Manager

നല്ല വെർജീനിയാ പുകയില കൊണ്ടാണ് നല്ല സിഗരറ്റ് ഉണ്ടാക്കുന്നതു്

പനാമ

ഒരു മെച്ചമായ സിഗറെറ്റാകുന്നു



പ്രത്യേക തരത്തിൽ തയ്യാറാക്കപ്പെട്ടതു്:

ഗോൾഡൻ ടുബാക്കോ കമ്പനി പ്രൈവറ്റ് ലി.

ബോംബെ-56.

ഇത്തരം വ്യവസായത്തിൽ ഭാരതത്തിലെ ഏറ്റവും വമ്പിച്ച സ്ഥാപനം.

GT. (P) 631 ML Greens' Advtg.

തെരഞ്ഞെടുപ്പ്

[illegible]	90
[illegible]	125
[illegible]	455

1965 ജനുവരി 6 തീയതി- ബുധൻ

ഭരണഘടനാഭേദഗതി

—o—

മിസ്സിസ്സിപ്പിയിലെ മന്ത്രിസഭയ്ക്കെതിരായ ആഭ്യന്തരകലാപം ആഞ്ഞടിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. ജനരോഷം വിവിധരൂപങ്ങളിൽ പ്രകടിതമാവുകയും കേന്ദ്രഗവൺമെണ്ടു പല തലത്തിൽ കളിക്കേണ്ടതായും വന്നു. മറിച്ചിടുകയും നടത്തുകയും ചെയ്തിട്ട് അവസാനം മിസ്സിസ്സിപ്പിയിലെ ഇപ്പോഴത്തെ മുഖ്യമന്ത്രിയായ ബിഭരൻ മിശ്രത്തെ മുൻമുഖ്യമന്ത്രിയായിരുന്ന പട്ടാഭിയുമായിക്കണ്ട് എതിരായ ആരോപണങ്ങളെപ്പറ്റി സംസാരിക്കാൻ കേന്ദ്രസർക്കാർ ഒരു കൂടിയാലോചനാ സമ്പ്രദായത്തിനു രൂപം കൊടുത്തു. പാക്കിസ്ഥാനിലെ തിരഞ്ഞെടുപ്പുവഴി ജനാധിപത്യപരമായി അധികാരത്തിൽ വന്നിരിക്കുന്ന കമരി ഫാത്തിമ ജയിച്ചിരുന്നെങ്കിൽ പാക്കിസ്ഥാനിലെയും ജനാധിപത്യപ്രതിപക്ഷത്തിന്റെ ഒരു തരത്തിലുള്ള പ്രതിനിധിയുടെ സ്ഥാനത്തായിരുന്നു അവർ. ഈ രണ്ടു കാര്യങ്ങളെപ്പറ്റിയും ഇന്ത്യൻ ഗവൺമെണ്ടിന്റെ ഔദ്യോഗികമായ അഭിപ്രായം എന്തായിരുന്നു എന്നു വ്യക്തമല്ല. ഇന്ത്യൻ ഗവൺമെണ്ടിന്റെ ഔദ്യോഗികമായ അഭിപ്രായം എന്തായിരുന്നാലും ശരി, ഇന്ത്യയിലെ ജനാധിപത്യപ്രിയരായ ജനങ്ങൾ ഈ രണ്ടു കാര്യങ്ങളിലും ഒരു പ്രത്യേക രീതിയിൽ ചിന്തിച്ചിരുന്നു എന്നു തീർച്ചയാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആയൂബിന്റെ വിജയം, വളരെ ശ്രദ്ധേയമല്ല. പാക്കിസ്ഥാനെ ഇന്ത്യയും തമ്മിലുള്ള സംഘർഷാവസ്ഥയിൽ എന്തെങ്കിലും അയവു വന്നേക്കുമെന്നുള്ള പ്രതീക്ഷകളൊക്കെ തകർന്നിരിക്കുന്നു. പാക്കിസ്ഥാൻ ഭരണഘടനയിൽ ഇന്ത്യൻ ഭരണഘടനയിലുള്ളതുപോലെ ഒരു വ്യവസ്ഥയുണ്ടായിരുന്നുവെങ്കിൽ, അയൂബ് പ്രസിഡണ്ടു സ്ഥാനം രാജിവച്ചു കേന്ദ്രകാബിനറ്റിൽ ചേരുകയും, ഭൂട്ടോ പ്രസിഡണ്ടായി അധികാരത്തിൽ വരികയും ചെയ്യുമായിരുന്നു. അതോടുകൂടി ഇന്ത്യാ പാക്കിസ്ഥാൻ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും ചെയ്യുമായിരുന്നു. പക്ഷേ, ഇന്ത്യൻ ഭരണഘടനയിൽ അങ്ങനെയൊരു വ്യവസ്ഥയില്ലാത്തതുകൊണ്ട് അയൂബിന്റെ വിജയം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു പ്രയോജനവും ചെയ്യുന്നില്ല.

പാക്കിസ്ഥാനിലെ ജനാധിപത്യപ്രസ്ഥാനത്തിന്റെ കാര്യമാണെങ്കിൽ, അതിനു ഭൂട്ടോയുടെ പരാജയം ഒരു കനത്ത പ്രഹരമാണ്. ഭൂട്ടോ ഒരു ജനകീയനേതാവാണ്. അയൂബിന്റെ ഭരണത്തിനെതിരായി ഉയർന്നുവന്നിട്ടുള്ള ജനരോഷത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം. അയൂബിന്റെ ഭരണത്തിനെതിരായി ഭൂട്ടോ നടത്തിയിട്ടുള്ള പ്രസ്താവനകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് താഷ്കന്റ് കരാറിനെപ്പറ്റിയുള്ള വിമർശനം. കാശ്മീർ പ്രശ്നത്തിൽ പാക്കിസ്ഥാനു ന്യായമായി ലഭിക്കേണ്ടിയിരുന്ന പലതും താഷ്കന്റ് കരാറിൽ നഷ്ടപ്പെട്ടുപോയി എന്നാണ് ഭൂട്ടോ പറഞ്ഞിട്ടുള്ളത്. ഭൂട്ടോയുടെ ഈ വിമർശനത്തിൽ കഴമ്പുണ്ടെന്നു തന്നെയാണ് ഇന്ത്യൻ ജനതയുടെ പൊതുവായ അഭിപ്രായം. ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു ഇന്ത്യൻ ഗവൺമെണ്ടു പറയുന്നതിനു ഇന്ത്യൻ ജനത വിശ്വസിക്കുന്നില്ല. ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു പറയുന്നതിനു കാരണം, ഭൂട്ടോ താഷ്കന്റ് കരാറിനെ വിമർശിച്ചതുകൊണ്ടാണെന്നു ഇന്ത്യൻ ജനത വിശ്വസിക്കുന്നു. ഭൂട്ടോയുടെ ഈ വിമർശനത്തിൽ കഴമ്പുണ്ടെന്നു ഇന്ത്യൻ ജനത വിശ്വസിക്കുന്നതുകൊണ്ടാണ് ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു ഇന്ത്യൻ ഗവൺമെണ്ടു പറയുന്നതിനു ഇന്ത്യൻ ജനത വിശ്വസിക്കാത്തതും.

ഭൂട്ടോയുടെ വിമർശനത്തിൽ കഴമ്പുണ്ടെന്നു ഇന്ത്യൻ ജനത വിശ്വസിക്കുന്നതുകൊണ്ടാണ് ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു ഇന്ത്യൻ ഗവൺമെണ്ടു പറയുന്നതിനു ഇന്ത്യൻ ജനത വിശ്വസിക്കാത്തതും. ഭൂട്ടോയുടെ വിമർശനത്തിൽ കഴമ്പുണ്ടെന്നു ഇന്ത്യൻ ജനത വിശ്വസിക്കുന്നതുകൊണ്ടാണ് ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു ഇന്ത്യൻ ഗവൺമെണ്ടു പറയുന്നതിനു ഇന്ത്യൻ ജനത വിശ്വസിക്കാത്തതും. ഭൂട്ടോയുടെ വിമർശനത്തിൽ കഴമ്പുണ്ടെന്നു ഇന്ത്യൻ ജനത വിശ്വസിക്കുന്നതുകൊണ്ടാണ് ഭൂട്ടോ ഇന്ത്യയുടെ ശത്രുവാണെന്നു ഇന്ത്യൻ ഗവൺമെണ്ടു പറയുന്നതിനു ഇന്ത്യൻ ജനത വിശ്വസിക്കാത്തതും.

രക്ഷികനു വേണ്ടിയുള്ള കാത്തിരിപ്പ് നൂറാണ്ടുകളിലൂടെ

വചനം മംസമായ രഹസ്യത്തിന്റെ കല്യാണവും ഭക്ത നിർഭരവുമായ പ്രതിഷ്ഠാമഹോത്സവത്തിനു തൃശ്ശൂരിൽ പാട്ടരായ്മുല്ലയുള്ള ദേവമാതാ പ്രൊവിൻഷ്യൽ ഹൌസിന്റെ മുമ്പിൽ നമുക്കു ദൃശ്യമാവുന്നതു്

(സി. കെ.)

"നൂറാണ്ടുകളിലൂടെ കന്നിനടപ്പുകയും ചെയ്തു ജനതയിൽ പരിഞ്ഞതിനുശേഷവും രണ്ടായിരം വർഷങ്ങൾക്കപ്പുറത്തുള്ള ഒരു ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ദൈവകുമാരൻ മഹത്തായ പ്രകാശകിരണങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ ചൊരിഞ്ഞുകൊണ്ടിരിക്കുകയാണു്" തൃശ്ശൂർ ദേവമാതാ പ്രൊവിൻഷ്യൽ ഹൌസിനു മുമ്പിൽ ഷെർണ്ണൂർറോഡിലുള്ള കമനീയമായ എൻട്രൻസ് കമാനത്തിലെഴുതിയിരിക്കുന്ന ശ്രദ്ധേയമായ ഒരു വാക്യമാണു് മേല്വരിച്ച വാക്യം.

ദൃശ്യശ്രാവ്യകലകളുടെ സമ്മേളനം കൊണ്ടു്, വചനം മംസമായ പരമരഹസ്യം നമുക്കു മനസ്സിലാക്കിത്തരുവാനുള്ള ഒരു ശ്രമമായിരുന്നതുകൊണ്ടു്, പരിശുദ്ധാത്മാവിൽ തീഷ്ണമനസ്കരായ നീണ്ടുകാണുന്നതുകൊണ്ടു് ഇതിലുള്ള ഓരോ കലാപ്രതീക്ഷയിൽ കാണുന്നതുപോലെ കാണുന്നു

കത്തോലിക്കാ കോൺഗ്രസ്സ്

ല്ലൂർ ശാഖാ വാർഷികം

ല്ലൂർ, ജനു: 5

അഖില കേരള കത്തോലിക്കാ കോൺഗ്രസ് ല്ലൂർ ശാഖാ വാർഷികവും ക്രിസ്തുരാജദിനവും ബുധനാഴ്ച ക്രിസ്തുരാജന ശാലിൽവെച്ച് ആഘോഷിക്കുകയുണ്ടായി. തൽസംബന്ധമായി ചേർന്ന പൊതുസമ്മേളനത്തിൽ ശ്രീ. തോമസ് ജോസഫ് ബി. എ, എൽ. ടി. (ചങ്ങനാശേരി) അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ബെർണാഡ് കെ. എഫ്. എം. ശ്രീ. എം. കെ. ജോസഫ് നെടുങ്കനം, കുമാരി ചിന്നമ്മ ജോസഫ് ബി. എ ബി. എഡ്., ശ്രീ. ദേവ ജോസ് ബി. എ ബി. എഡ്. എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ സെക്രട്ടറി ശ്രീ. പോളോ പൊറത്തൂർ സ്വാഗതം പറഞ്ഞു. ശ്രീ സി. എ. റപ്പായി പ്രമേയങ്ങൾ അവതരിപ്പിച്ചു. പ്രസിഡണ്ട് ശ്രീ. കെ. ഡി. ജോസഫ് നന്ദി രേഖപ്പെടുത്തി. ഇടയ്ക്കിടെ കുട്ടികളുടെ കലാപ്രകടനങ്ങളും യോഗാനന്തരം കാഥിക

WANTED a T. T. C. holder within age limits for a M. L. Vacancy in Jenakeeya Patasala, Trichur (staff managed) from 5-1-'65. Retired hands below 59 may also apply. Apply within 10 days by Regd post to the Manager with a copy to A. E. O. Trichur (West).

WANTED two T T C hands within prescribed age limit for appointment in St. Sebastians U. P S Kutticad as L P Assistants on short leave vacancies. Retired hands below the age of 59 may also apply. Apply within ten days by regd post to the Manager with copy to A E O Chalakudy.

Wanted a fully qualified T T, C. trained hand within prescribed age limit for appointment in the Aided Upper Primary School, Kannara on a leave vacancy. Retired qualified Teachers below 59 may also apply. Apply within 10 days by regd post to the manager, A U P S Kannara with copy to the A E O Trichur East.

WANTED fully qualified hands within prescribed age limits for the school under the management of Christ King C G H School, Pavaratty as High School Assistants 1 Social Studies and 1 Science, Physics or Chemistry or Botany or Zoology Main in Temporary and leave vacancies till the closing date of the school March '65. Retired qualified teachers below 59 years may also apply. Apply within 10 days by regd. post to the Manager with copies to the D. E. O. Chowghat.

Manager,
Pavaratty, Christ King C G H S

WANTED a trained graduate in Social studies as H S A in the scale of Rs 80-165 and an S S L C, T T C as M S A in the scale of Rs 40-120, within prescribed age limits for appointment under the management of A H S Varandarapilly in Maternity leave vacancies from 18-1-65. Retired qualified hands below 59 years may also apply. Apply within ten days by registered post to the Manager with copy to the D E O, Trichur.

പകർച്ച വ്യാധികൾക്കെതിരെ പ്രത്യേക ചികിൽസ

ചേപ്പ്, ജനു. 5

ചേർപ്പിലും പരിസരങ്ങളിലും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന മസൂരി, അഞ്ചാംപനി തുടങ്ങിയ പകർച്ചവ്യാധികൾ കഠിനരൂപത്തിലായി ചേർപ്പ്, ഫോമ്പോ ചാരിറ്റബിൾ സൊസൈറ്റിയും അതിലെ ഡോക്ടർമാരും ചികിത്സ നടത്തിത്തുടങ്ങിയിരിക്കുന്നു.

രോഗമുള്ള വിവരം തങ്ങളേ അറിയിച്ചാൽ സൗജന്യമായി ചികിത്സനടത്തിക്കൊടുക്കുന്നതാണെന്ന് സൊസൈറ്റിയുടെ ഒരു പ്രസ്താവനയിൽ പറയുന്നു.

—

എ.കെ.സി.സി.യുടെ ഏറ്റവും നല്ല സംഘാടകൻ

ലോനപ്പൻ നമ്പാടനു് സ്വർണ്ണമെഡൽ

കോട്ടയം, ജനു. 5

കോട്ടയത്തു ചേന്ന അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ വാർഷിക പ്രതിനിധി സമ്മേളനത്തിൽവെച്ച്, സ്റ്റോറിലെ കത്തോലിക്കാകോൺഗ്രസിന്റെ ഏറ്റവും നല്ല സംഘാടകനുള്ള ഒരു പവന്റെ സ്വർണ്ണമെഡൽ തൃശ്ശൂർ പതാ പ്രസിഡണ്ടു ലോനപ്പൻ നമ്പാടനു് നൽകിയിരിക്കുന്നു.

—

'ദേഷ്യംകെട്ട' ആധുനികരീതിയിൽ

(സ്വ ലേ) ചാലക്കുടി, ജനു 1

ഇക്കഴിഞ്ഞ ഡിസംബർ 21-ാംതിയതി മലക്കപ്പാറയിൽവച്ച് ഒരു 'വിജയൻ ശങ്കു' പോലീസ് 'സഖിൻസ്റ്റെക്കുരാണെന്ന വ്യാജേന രണ്ടുപാക്കരി തട്ടിയെടുത്തതായ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ഇവിടത്തുകാരനായ ഒരാറം മാപ്പാറയിൽ നിന്നു് (മലിരശിസ്റ്റോറിൽനിന്നു്) കുടത്തിക്കൊണ്ടുവരികയായിരുന്നപ്രസ്തുത അരി.

സഖിൻസ്റ്റെക്കുരായി ചമഞ്ഞ പ്രസ്തുതാനുൻ ഇന്നലെയിവിടെയെത്തിയപ്പോൾ, പ്രസ്തുത അരിയുടെ ഉടമസ്ഥൻ അവിചാരിതമായി കണ്ടുമുട്ടുകയും, അതിനെപ്പറ്റിനു് അരിയുടെ പ്രസ്തുത സംഭവത്തെപ്പറ്റി ചോദ്യംചെയ്യപ്പെടുകയും, ഗത്യന്തരമില്ലാതെ അരിയുടെ വില നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്കയുണ്ടായി

—o0o—

പെരുന്നാളുംഘോഷം

(സ്വ ലേ) പേരമംഗലം ജനു. 4

സ്ഥലം മാർ സ്ലീവാ പള്ളിയിലെ വിശുദ്ധ അഗസ്ത്യനോസ് സഹദായുടെ പെരുന്നാളും ശ്രീ പാറേൽ വക്കി ചാണ്ടി പ്രസിദ്ധേന്തിയായി മുൻകൊല്ലങ്ങളേക്കാളും വളരെ ആർഭാടമായ രീതിയിൽ കൊണ്ടാടിയിരിക്കുന്നു.

—

ഹെൽത്തു് സർവ്വീസു് ഡയറക്ടറുടെ സന്ദർശനം

(സ്വ ലേ) ചാലക്കുടി, ജ. 4

ഹെൽത്തു് സർവീസസ്സ് ഡയറക്ടർ ടി. ഗോപാലക്കുറുപ്പൻ ഇന്നു് രാവിലെ ചാലക്കുടിയിലെത്തി ആശുപത്രിസന്ദർശിക്കുകയുണ്ടായി ആശുപത്രിയിൽസ്ഥാപിക്കുന്നതിനുവേണ്ടി ചെയ്തുകൊടുക്കുന്നതിനുള്ള എക്സ് റേപ്ലാന്റ് സ്ഥാപിക്കുന്നതുസംബന്ധിച്ചു് മെഡിക്കലാഫീസർ ഡോ: ഏ. പി കുരിയനുമായി സംസാരിക്കുകയുണ്ടായി.

എക്സ്റേ ലാൻറ് വന്നു ചേർന്നിട്ടു് മൂന്നുമാസക്കാലത്തിലധികമായെങ്കിലും കെട്ടിടംപണി താമസിക്കുന്നതു് മൂലം പ്ലാൻറ് സ്ഥാപിക്കുകയുണ്ടായിട്ടില്ല.

—

കരുതൽ നടപടിയ്ക്കെതിരെ ഇടതുപക്ഷക്കാർ വിട്ടുകൊടുക്കണം

തൃശൂർ, ജനു: 5

കരുതൽ തടങ്കൽ നിയമമനുസരിച്ചു് അറസ്റ്റു ചെയ്യപ്പെട്ടു് ജയിലിൽ പാർപ്പിച്ചിട്ടുള്ള ഇടതുപക്ഷ കക്ഷി നേതാക്കളെ ഗവൺമെന്റിനെതിരെ പ്രക്ഷോഭത്തിനു് വിട്ടുകൊടുക്കണമെന്നു് സോഷ്യലിസ്റ്റു പാർട്ടി ആവശ്യപ്പെടുന്നു.

ഇന്നലെ ചേർന്ന പാർട്ടി സംസ്ഥാന കമ്മിറ്റിയോഗമാണു് ഈ ആവശ്യം ഉന്നയിച്ചതു്.

കരുതൽ തടങ്കൽ നിയമത്തിനെതിരെ ഇടതുപക്ഷ പാർട്ടികൾ ഒന്നിച്ചു് പ്രക്ഷോഭത്തിനിറങ്ങണമെന്നും യോഗം ആഹ്വാനം ചെയ്തു.

മീട്ടുകിടപ്പുകാർക്ക് സന്താനങ്ങൾ കുറയും

ന്യൂയോർക്ക്— ബുദ്ധിശക്തി കുറഞ്ഞവർ അധികം പ്രസവിക്കുന്നതുകാരണം ബുദ്ധിശക്തിയുടെ ക്ഷീണത്തിനനുസരിച്ചു പ്രസവം കുറഞ്ഞിരിക്കുമെന്നും ഏറ്റവും വലിയ ബുദ്ധിമതികൾ ഒരിക്കലും പ്രസവിക്കാത്ത വന്ധ്യകളായിത്തീരുമെന്നും വിദഗ്ദ്ധമായ അന്വേഷണങ്ങളുടെ ഫലമായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

അമേരിക്കയിലെ ഒരു പ്രശസ്ത ഡോക്ടറാണു് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയതു്. അദ്ദേഹത്തിന്റെ പക്കൽ ചികിത്സിയ്ക്കുന്ന സ്ത്രീകളുടെ ഒരു ലിസ്റ്റു് അദ്ദേഹം തയ്യാറാക്കി. പ്രസവിക്കുന്നതല്ലെന്നു തീരുമാനിക്കപ്പെട്ട സ്ത്രീകളെ പഠിച്ചിരുന്ന വിദ്യാലയങ്ങളിൽ കയറിയിറങ്ങി. അവരേക്കുറിച്ചുള്ള അന്വേഷണത്തിൽ ആ സ്ത്രീകളെല്ലാം പഠിത്തത്തിൽ മിടുക്കികളായിരുന്നു. അവരെല്ലാം മെട്രിക്കുലേഷൻവരെ പാസ്സായിരുന്നു എന്നും കണ്ടു.

കൂടുതൽ പ്രസവിച്ചവരെപ്പറ്റിയും അന്വേഷിച്ചു. അവരൊക്കെ മണ്ടികളുമായിരുന്നു. ഇതിൽനിന്നും അസാമാന്യമായ ബുദ്ധിശക്തിയുള്ള സ്ത്രീകൾ ഗർഭം ധരിക്കുന്നതുതന്നെ നിഗമനത്തിൽ എത്തിച്ചേർന്നു.

...

വന്ധ്യിമങ്ങിമരിച്ചു

[സ്വ ലേ] ചേന്ദമംഗലം. ജനു, 5

സ്ഥലം ധർമ്മത്തുരത്തിൽ കരുണന്റെ മകൻ 11 വയസ്സ് പ്രായംവരുന്നമുകുന്ദൻ എന്ന പേരായ ഒരു ബാലൻ കഴിഞ്ഞദിവസം ചേന്ദമംഗലം പള്ളിക്കടവിനു സമീപമുള്ള പുഴയിൽ മുങ്ങിമരിച്ചനിലയിൽ കാണപ്പെട്ടിരിക്കുന്നു.

പ്രസ്തുത ബാലൻ വഞ്ചിമുഴഞ്ഞു പോകേവഴി എങ്ങിനെയോ വഞ്ചിമറിഞ്ഞു് മുങ്ങിമരിച്ചതാകണം. ആളില്ലാതെ കഴുകി നടക്കുന്ന വഞ്ചിയെകണ്ടു് സംശയിച്ചു് ആളുകൾ പുഴയിൽ മുങ്ങിത പ്പിയപ്പോൾ കിട്ടിയതു മൃതദേഹമാണു്. വിവരം പോലീസിനെ ധരിപ്പിക്കുകയും പോസ്റ്റ്മോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്കു് വിട്ടുകൊടുക്കുകയുംചെയ്തു

സിലോണിനു് ഇന്ത്യ സംഭാവന ചെയ്യുന്നു

ന്യൂഡൽഹി, ജനു. 5

ഇന്ത്യയിലെ സിലോണിന്റെ ഉത്തരഭാഗങ്ങളിലുണ്ടായ പുഴലിക്കാറ്റുമൂലം ദുരിതമനുഭവിക്കുന്നവർക്കു് സമാശ്വാസം നൽകുന്നതിനായി 15,000 രൂ. യുടെ വസ്ത്രങ്ങളും, 10,000 രൂ. യുടെ ഔഷധങ്ങളും സിലോണിനു് നൽകുന്നതിനു് ഇന്ത്യാഗവണ്മെന്റു് തീരുമാനിച്ചിരിക്കുന്നു. ഈ അത്യാഹിതത്തിൽ സഹതാപം പ്രകടിപ്പിച്ചുകൊണ്ടു് പ്രസിഡണ്ടു് ഡോ: രാധാകൃഷ്ണൻ, സിലോൺ ഗവർണ്ണർ ജനറലിനു് ഒരു സന്ദേശം അയച്ചുകൊടുത്തിട്ടുണ്ടു്.

—o—

വിദ്യാഭ്യാസ കമ്മീഷൻ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നു

ന്യൂഡൽഹി, ജനു. 5

ജനുവരി-ജൂൺ കാലത്തു് വിദ്യാഭ്യാസകമ്മീഷൻ വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനും രാജ്യത്തെ വിദ്യാഭ്യാസവികസനത്തിൽ താല്പര്യമുള്ള തദ്ദേശീയ ഉദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കമ്മീഷൻ അദ്ധ്യക്ഷൻ കോത്താരി, മറ്റംഗങ്ങൾ എന്നിവരുടെ പ്രധാനപരിപാടികൾ താഴെ പറയുന്നവരാണു്:

പ്രധാനമന്ത്രി (ചെയർമാൻ), സർവ്വശ്രീ: ഗ്രൽസാരിലാൽനന്ദ, ടി. ടി. കൃഷ്ണമാചാരി, ശ്രീമതി ഇന്ദിരാഗാന്ധി, ഭക്തവത്സലം, ജഗ്ജീവൻറാം, ഹുമയൂൺ കബീർ, ഡോ: ത്രിഗുണസെൻ, ഡോ: സാക്കീർ ഹുസൈൻ, ഡോ: വി. കെ. ആർ. വി. റാവു, ഡോ: ഡി. എസ്. കോത്താരി, ഡോ: എം. എസ്. ഒബേറോയ്, ഡോ: ത്രിഗുണസെൻ, ഡോ: ഹുമയൂൺ കബീർ